B

5001

# വാർഷിക മൂല്യനിർണയം 2015-2016

## കലാ, പ്രവൃത്തി ആരോഗ്യ-കായിക വിദ്യാഭ്യാസം

ക്ലാസ്സ് V

സമയം: 2 മണിക്കൂർ

**പൊതുനിർദ്ദേശങ്ങൾ :**

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ്15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. കലാപഠനവുമായി ബന്ധപ്പെട്ട് നാല് മേഖലകളിലായി ചോദ്യങ്ങൾ നൽകിയിട്ടുണ്ട്.എന്നാൽ **നിങ്ങൾക്ക് താൽപര്യമുള്ള ഒരു മേഖല തെരഞ്ഞെടുത്ത് അതിൽ ഉൾപ്പെട്ട ചോദ്യങ്ങൾക്കുമാത്രം ഉത്തരങ്ങൾ എഴുതിയാൽ മതിയാകും.**
3. വിഭാഗം 1-ൽ ഒരു മേഖല തെരഞ്ഞെടുത്താൽ അതിൽ ഉൾപ്പെട്ട ചോദ്യങ്ങൾക്കുമാത്രമേ ഉത്തരങ്ങൾ എഴുതാൻ പാടുള്ളൂ.
4. പ്രവൃത്തി പരിചയം ,ആരോഗ്യകായികവിദ്യാഭ്യാസം എന്നിവയിൽ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.
5. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു.അവക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ,ക്ലാസ് തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളണം.
6. മൂന്ന് വിഭാഗങ്ങൾക്കായി ആകെ 2 മണിക്കൂർ സമയം അനുവദിക്കും.

---

**വിഭാഗം- 1 കലാപഠനം**

**എ. ചിത്രകല**

1 താഴെ കൊടുത്തിരിക്കുന്ന വർണ്ണങ്ങളുടെ പേരുകളിൽ നിന്നും പ്രാഥമിക വർണ്ണങ്ങൾ തെരഞ്ഞെടുത്ത് എഴുതുക?

| | | | |
|---|---|---|---|
| വയലറ്റ് | ചുവപ്പ് | പച്ച | നീല |
| മഞ്ഞ | ഓറഞ്ച് | കറുപ്പ് | വെള്ള |

2 താഴെ നൽകിയിരിക്കുന്ന ചിത്രത്തിൽ ഏതെല്ലാം ജ്യാമിതീയരൂപങ്ങളുമായി സാമ്യമുണ്ട്? കണ്ടെത്തിയ ജ്യാമിതീയരൂപങ്ങളെ വരച്ച് അവയുടെ പേര്എഴുതുക ?



3. താഴെ നൽകിയിരിക്കുന്ന കമ്പ്യൂട്ടർ സോഫ്റ്റ്വെയറുകളിൽ നിന്നും ചിത്രരചനക്ക് ഉപയോഗിക്കാവുന്ന രണ്ട് സോഫ്റ്റ്വെയറുകളുടെ പേര് തെരഞ്ഞെടുത്ത് എഴുതുക?
എക്സ്-പെയിന്റ്, ഓപ്പൺ ഓഫീസ് വേർഡ്, ജിംബ്, ഇ-കോംപ്രെസ്, ഫോട്ടോഷോപ്പ്

ബി. സംഗീതം

1 നിരവധി സംഗീതോപകരണങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടല്ലോ.ഇവയിൽ അറിയാവുന്ന ഏതെങ്കിലും നാല് സുഷിരവാദ്യങ്ങളുടെ ( ഊതി ശബ്ദമുണ്ടാക്കുന്നത്-ഓടക്കുഴൽ) പേരെഴുതുക.

2. താഴെ കൊടുത്തിരിക്കുന്ന വരികൾ പാടി നോക്കി ഈ വരികൾക്ക് ഇണങ്ങുന്ന വായ്ത്താരി ചേർത്ത് വരികളും വായ്ത്താരിയും എഴുതുക.

"പുത്തൂരം വീട്ടിൽ ജനിച്ചോരെല്ലാം
പൂപോലഴകുള്ളൊരായിരുന്നു
ആണുങ്ങളായി വളർന്നോരെല്ലാം
അങ്കം ജയിച്ചവരായിരുന്നു........"

3 നിങ്ങൾക്ക് കവിതകൾ ചൊല്ലാനിഷ്ടമാണല്ലോ.എങ്കിൽ കവിതകൾ ചൊല്ലുമ്പോൾ എന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടത് ?

സി. നൃത്തം

1. മണവാട്ടിക്ക് ചുറ്റും നിന്നു കളിയ്ക്കുന്ന കേരളീയനാടൻ കലാരൂപമേത്?

2. കേരളത്തിലെ ഏതെങ്കിലും രണ്ട് ശാസ്ത്രീയ നൃത്തരൂപങ്ങളുടെ പേരെഴുതുക?

3. നിങ്ങൾ തിരുവാതിരക്കളി കണ്ടിട്ടുണ്ടല്ലോ? ഈ കളിയെക്കുറിച്ച് വിശദീകരിക്കുക?

ഡി. നാടകം

1. കുച്ചുനേരത്തേക്ക് അദ്ദേഹം മറുപടിയൊന്നും പറഞ്ഞില്ല. തെല്ലുനേരം കഴിഞ്ഞ് "ങാ, പോയി നീയെങ്കിലും നന്നായി വാ. എനിക്ക് വളരെ ശിഷ്യൻമാരുണ്ടെങ്കിലും നീയാണെന്റെ പ്രിയപ്പെട്ട ശിഷ്യൻ." ഇത്രയും കേട്ടപ്പോൾ ഞാൻ പൊട്ടിക്കരഞ്ഞുപോയി. "കരയണ്ടാ. ഞാനന്ന് പറഞ്ഞതുപോലെ മോരിലെ വെണ്ണകണക്ക് നീ എന്നും കഥകളിയുടെ മുകളിൽ തന്നെ കിടക്കും." ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ. സാഷ്ടാംഗം നമസ്കരിച്ചു.
ഈ സന്ദർഭത്തെ നാടകത്തിന്റെ രചനാരീതികൾ പാലിച്ച് ഒരു സ്ക്രിപ്റ്റാക്കി എഴുതുക.

2. മുൻകൂട്ടി തയ്യാറാക്കിയ സ്ക്രിപ്റ്റ് പ്രകാരം നാടകം അവതരിപ്പിക്കാനാണോ തത്സമയം മനോധർമ്മം പോലെ സംഭാഷണം പറഞ്ഞ് നാടകം അഭിനയിക്കാനാണോ നിങ്ങൾക്ക് താത്പര്യം. എന്തുകൊണ്ട്?

വിഭാഗം 2 : പ്രവൃത്തിപഠനം

1. കിണറ്റിലെ ജലമലിനീകരണം തടയുവാനുള്ള മാർഗ്ഗങ്ങൾ ഏവ?

2. സലാഡ് നിർമാണ രീതി വിവരിക്കുക.

വിഭാഗം 3 : ആരോഗ്യ- കായികവിദ്യാഭ്യാസം

**ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക**

1. **സംസർഗശീലം വർദ്ധിപ്പിക്കുവാനുള്ള ഒരു പ്രവർത്തനമേതാണ്?**

   എ. ടി.വി കാണൽ
   ബി. വീഡിയോഗെയിം
   സി. കളികൾ
   ഡി. ഉറക്കം

2. **താഴെക്കൊടുത്തിരിക്കുന്ന കളികളിൽ കളിയ്ക്കുവാൻ ഏറ്റവും കൂടുതൽ സ്ഥലം ആവശ്യമായ കളി ഏതാണ്?**

   എ. കബഡി
   ബി. ഖോ-ഖോ
   സി. ജൂഡോ
   ഡി. ക്രിക്കറ്റ്

3. **സുരക്ഷിതമായ കളിസ്ഥലങ്ങളുടെ പ്രത്യേകതകൾ ചുവടെ കൊടുത്തിരിക്കുന്ന സൂചനകൾക്കനുസരിച്ച് വിശദീകരിക്കുക?**

   (നിരപ്പുള്ളവ, റോഡിൽ നിന്നും അകലത്തിൽ, അതിർത്തികൾ കെട്ടിയടച്ചത്)